I/299253/2023

ഭരണഭാഷ - മാതൃഭാഷ

NO TO DRUGS

നം: ഡി.ജി.ഇ/3819/2021-എച്ച് 2

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 12-05-2023
ഇ-മെയിൽ : secret.dge@kerala.gov.in

പ്രേഷകൻ

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

(1) എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാരും

(2) എല്ലാ ജില്ലാ /ഉപജില്ലാ വിദ്യാഭ്യാസ ഓഫിസർമാരും

സർ,

വിഷയം :- പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - നിയമനം, സ്ഥാനക്കയറ്റം എന്നിവക്ക് അംഗീകാരം നൽകുവാൻ അധികാരമുള്ളതു പോലെ സ്ഥാനക്കയറ്റം രാജി വച്ച് പഴയ തസ്തികയിൽ നിയമിക്കപ്പെടുന്നവ രുടെ നിയമനാംഗീകാര വിഷയത്തിൽ കേരളാ വിദ്യാഭ്യാസ ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടില്ലാത്ത/ഉദ്ദേശിച്ചിട്ടില്ലാത്ത നടപടികൾ വിദ്യാഭ്യാസ ഓഫിസർമാർ കൈക്കൊള്ളുന്നത് - നിർദേശം നൽകുന്നതു സംബന്ധിച്ച്.

സൂചന :- 1. 28/09/2020 ലെ എൽ 1/301/2019-പൊ.വി.വ നമ്പർ സർക്കാർ കത്ത്
2. 17/03/2021 ലെ ഡി.ജി.ഇ/6099/2019ജി 3 നമ്പർ അനൗദ്യോഗിക കുറിപ്പ്

സംസ്ഥാനത്തെ സ്കൂളുകളിൽ ജോലി ചെയ്തു വരുന്ന അധ്യാപകർ സ്ഥാനക്കയറ്റം വഴി പ്രധാനാധ്യാപക തസ്തികയിലേക്ക് മാറുകയും ശേഷം രാജി വച്ച്, സ്ഥാനക്കയറ്റത്തിനു മുൻപ് ജോലി ചെയ്തിരുന്നതായ അധ്യാപക തസ്തികയിൽ ചട്ട വിരുദ്ധമായി തിരികെ പ്രവേശിക്കുകയും ആയതു വിദ്യാഭ്യാസ ഓഫിസർമാർ അംഗീകരിച്ചു നൽകുകയും ചെയ്യുന്ന പ്രവണത നിലവിൽ കണ്ടു വരുന്നുണ്ട്. നിയമനം, സ്ഥാനക്കയറ്റം എന്നിവക്ക് അംഗീകാരം നൽകുവാൻ അധികാരമുള്ളതു പോലെ സ്ഥാനക്കയറ്റം അംഗീകരിച്ചു നൽകിയ ഒരു അധ്യാപകനിൽ നിന്നും രാജി സ്വീകരിച്ച് തരംതാഴ്ത്തൽ നടത്തുവാനുള്ള അധികാരം തങ്ങൾക്കുണ്ടെന്ന തെറ്റിദ്ധാരണ ഏതാനും വിദ്യാഭ്യാസ ഓഫിസർമാർക്കുള്ളതായി കാണുന്നു. കെ.ഇ.ആർ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഒരാൾക്ക് സ്ഥാനക്കയറ്റം നൽകിയതിനു ശേഷം തസ്തിക നഷ്ടം ഉണ്ടാകുമ്പോഴോ, അവധി ഒഴിവിൽ സ്ഥാനക്കയറ്റം നൽകി നിയമിക്കപ്പെടുന്ന വ്യക്തിക്ക് നിലനിൽക്കുവാൻ ആവശ്യമായ തസ്തികയില്ലാത്ത വിധം അവധി അവസാനിക്കുമ്പോഴോ, അച്ചടക്ക നടപടിയുടെ ഭാഗമായോ മാത്രമാണ് ഒരാളെ താഴത്തെ തസ്തികയിലേക്ക് തരം താഴ്ത്തി നിയമിക്കുവാൻ വിദ്യാഭ്യാസ ഓഫിസർമാർക്ക് ചട്ട പ്രകാരം കഴിയുന്നത്. ഇക്കാരണങ്ങളാലല്ലാതെ സ്ഥാനക്കയറ്റം ലഭിച്ച ഒരാളെ തരംതാഴ്ത്തുവാനോ, ഇപ്രകാരം തരം താഴ്ത്തപ്പെടുന്നവരുടെ നിയമനങ്ങൾ അംഗീകരിച്ചു നൽകുവാനോ കേരളാ വിദ്യാഭ്യാസ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്.

മേൽ സാഹചര്യത്തിൽ, കേരളാ വിദ്യാഭ്യാസ ചട്ടങ്ങളിൽ

I/299253/2023

നിഷ്കർഷിച്ചിട്ടില്ലാത്ത/ഉദ്ദേശിച്ചിട്ടില്ലാത്ത ഇത്തരം നടപടികൾ യാതൊരു കാരണവശാലും വിദ്യാഭ്യാസ ഉപ ഡയറക്ടർമാരുടെയോ, വിദ്യാഭ്യാസ ഓഫിസർമാരുടെയോ ഭാഗത്തു നിന്നും ഉണ്ടാകാൻ പാടില്ല എന്നും കേരളാ വിദ്യാഭ്യാസ ചട്ടങ്ങളിൽ ഉദ്ദേശിച്ചിട്ടില്ലാത്ത വിഷയങ്ങളിൽ തന്നിഷ്ട പ്രകാരം തുടർ നടപടികൾ കൈക്കൊള്ളരുത് എന്നും ബന്ധപ്പെട്ടവർക്ക് കർശന നിർദേശവും നൽകുന്നു.

വിശ്വസ്തതയോടെ,

Signed by
Santhosh C A
Date: 12-05-2023 22:05:00

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:-

ചീഫ് എക്സിക്യൂട്ടീവ് ഓഫിസർ,
കൈറ്റ്, പൂജപ്പുര
{വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി}